**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6229** **10-11-2021 - ൽ മറുപടിയ്ക്ക്**

**കണ്ണൂർ ഗവൺമെന്റ് മെഡിക്കൽ കോളേജ് കെട്ടിടം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | **Shri P. A. Mohamed Riyas**<br>**(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | കണ്ണൂർ ഗവൺമെന്റ് മെഡിക്കൽ കോളേജ് കെട്ടിടങ്ങൾ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കുന്നതിനും പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനും പ്രവൃത്തി സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | സർക്കാർ ഉത്തരവ് (കൈ)നം.44/2019/ആ.കു.വ തീയതി 18.03.19 പ്രകാരം പരിയാരം സഹകരണ മെഡിക്കൽ കോളേജ് ഗവൺമെന്റ് ഏറ്റെടുത്ത് ഉത്തരവായിട്ടുണ്ട്. അതിൻ പ്രകാരം കെട്ടിടങ്ങളും മറ്റും പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കുന്നതിലേക്കായി മെഡിക്കൽ കോളേജ് അധികൃതരോട് നിലവിലുള്ള കെട്ടിടങ്ങളുടെ വിശദ വിവരങ്ങൾ സർവ്വീസ് പ്ലാൻ ഉൾപ്പെടെ ആവശ്യപ്പെട്ടിട്ടുണ്ട്. കെട്ടിടങ്ങൾ ഏറ്റെടുക്കുന്നതിനും, മെഡിക്കൽ കോളേജിലെ നിർമ്മാണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുമായി ഒരു നോഡൽ ഓഫീസറെ നിയമിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. മെഡിക്കൽ കോളേജിലെ നിലവിലുള്ള എഞ്ചിനീയറിംഗ് വിഭാഗത്തിൽ നിന്നും, നിലവിലെ കെട്ടിടങ്ങളുടെ ഒരു ലിസ്റ്റ് ശേഖരിക്കുകയും, അതിന്റെ പരിശോധന തളിപ്പറമ്പ് സബ്ബ് ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കീഴിൽ നടന്നുവരികയുമാണ്. പരിശോധനയ്ക്ക് ശേഷം കെട്ടിടങ്ങൾ പൊതുമരാമത്ത് വകുപ്പിന്റെ അസറ്റിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. |
| (ബി) | സർക്കാർ ഏറ്റെടുത്തതിന് ശേഷം പ്രസ്തുത മെഡിക്കൽ കോളേജിന്റെ അടിസ്ഥാനസൗകര്യ വികസനത്തിനായി ബജറ്റിൽ ഉൾപ്പെടുത്തി അനുവദിച്ചിട്ടുള്ള തുക എത്രയെന്ന് വിശദമാക്കാമോ? | (ബി) | മെഡിക്കൽ കോളേജിന്റെ പ്രവൃത്തിയ്ക്ക് ബജറ്റിൽ ഉൾപ്പെടുത്തി തുക അനുവദിച്ചതായി കാണുന്നില്ല. ആശുപത്രി രോഗീ സൗഹൃദമാക്കുന്നതിന്റെ ഭാഗമായി കാത്തു നിൽപ്പ്, രജിസ്ട്രേഷൻ കേന്ദ്രത്തിന്റെ നിർമ്മാണത്തിനായി 100 ലക്ഷം രൂപയുടെ ഭരണാനുമതി ആവുകയും തുക പൊതുമരാമത്ത് വകുപ്പിൽ നിക്ഷേപിക്കുന്നതിനായി മെഡിക്കൽ കോളേജ് അധികൃതരോട് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. തുക ലഭ്യമാകുന്നതോടെ ഈ പ്രവൃത്തിക്കാവശ്യമായ ഇൻവെസ്റ്റിഗേഷൻ ചെയ്ത് ഡിസൈൻ തയ്യാറാക്കി പ്രവൃത്തി നടപ്പിലാക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ